## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ – സംഗ്രഹം

## 2012 ജൂലൈ 11, ബുധൻ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

**66 (*601) മത്സ്യമേഖലയുടെ വികസനം**

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) നൽകിയ മറുപടിയിൽ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻവഴി സംസ്ഥാന വിഹിതത്തിനു പുറമെ കേന്ദ്രസർക്കാർ, NFDB, NABARD, വാണിജ്യ ബാങ്കുകൾ, ദേശീയ ധനസഹായ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും ഫണ്ട് സ്വരൂപിച്ച് തീരദേശ മേഖലയുടെ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. സംയോജിത മത്സ്യത്തൊഴിലാളി ഗ്രാമ വികസന പദ്ധതി, സംയോജിത കടൽ സുരക്ഷ പദ്ധതി, കോൾഡ് ചെയിൻ പദ്ധതി, സമ്പൂർണ്ണ ശുചിത്വതീരം, കൃത്രിമ പാരുകളും ഫിഷ് സാങ്ച്വറികളും നിർമ്മിക്കൽ, കിയോസ്ക്കുകൾ സ്ഥാപിക്കൽ, ആധുനിക മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം എന്നിവയും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംയോജിത

മത്സ്യത്തൊഴിലാളി ഗ്രാമ വികസന പദ്ധതിയുടെ ആദ്യഘട്ടമായി 380 കോടി രൂപ അനുവദിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും ക്ഷേമ പ്രവർത്തന ങ്ങൾക്കുമായി ഈ വർഷം ഏകദേശം 650 കോടി രൂപയുടെ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പന്ത്രണ്ടാം പദ്ധതിയുടെ ഭാഗമായി 11 മത്സ്യ ഗ്രാമങ്ങളിൽ സമഗ്ര മത്സ്യഗ്രാമം പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. മത്സ്യബന്ധനത്തിലേർപ്പെടുന്നവരുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സുനാമി അടിയന്തിര സഹായപദ്ധതി, സുനാമി പുനരധിവാസ പദ്ധതി, പ്രധാന മന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി എന്നിവയിൽ ഉൾപ്പെടുത്തി സുരക്ഷാ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. വി.എച്ച്.എഫ്. റേഡിയോ കമ്മ്യൂണിക്കേഷൻ നെറ്റ്‌വർക്ക്, വെസ്സൽ മോണിറ്ററിംഗ്, വെസ്സൽ മാർക്കിംഗ്, ഓട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റത്തോടെയുള്ള കൺട്രോൾ ആന്റ് സർവൈലൻസ് മുതലായവ ഉൾപ്പെടുത്തി സംയോജിത കടൽ സുരക്ഷ പദ്ധതിക്ക് രൂപം നൽകുന്നതാണ്. വ്യക്തിഗത അപകട ഇൻഷ്വറൻസ് പദ്ധതി, പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ഉറപ്പാക്കുന്ന 'മത്സ്യഫെഡ് ഉപകരണ സുരക്ഷ സ്കീം' എന്നിവ നടപ്പാക്കി വരുന്നു. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ഗ്രൂപ്പ് ഇൻഷ്വറൻസ്, എസ്.എസ്.എൽ.സി.–ക്ക് ക്യാഷ് അവാർഡ്, വിവാഹ ധനസഹായം, മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ധനസഹായം, മരണാനന്തര ധനസഹായം, വാർദ്ധക്യകാല പെൻഷൻ, കുടുംബ സംവിധാന പദ്ധതി, മാരകരോഗ ചികിത്സാ പദ്ധതി തുടങ്ങിയവ നടപ്പാക്കുന്നുണ്ട്. മരണ പ്പെടുന്നവരുടെ കുടുംബത്തിന് നൽകുന്ന ധനസഹായം 3 ലക്ഷം രൂപയാക്കി

വർദ്ധിപ്പിച്ചിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനായി 2010–11–ൽ 10 ലക്ഷം രൂപ വകയിരുത്തുകയും തിരുവനന്തപുരത്തെ പൂവാർ പഞ്ചായത്തിലെ 75 മത്സ്യത്തൊഴിലാളികളടങ്ങുന്ന 15 ഗുണഭോക്തൃ ഗ്രൂപ്പു കൾക്ക് ആധുനിക സാങ്കേതികവിദ്യ, കടൽസുരക്ഷ ഉപകരണങ്ങൾ എന്നിവ യെക്കുറിച്ചും മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനെക്കുറിച്ചും അവബോധം സൃഷ്ടിക്കുകയും 65,000 രൂപ വിലവരുന്ന ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്; മുഴുവൻ അപേക്ഷ കർക്കും ഇത് നൽകുന്നതാണ്. മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കുന്ന തിനുള്ള ധനസഹായം 2 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ട്രോളിംഗ് നിരോധന സമയത്ത് മത്സ്യത്തൊഴിലാളികൾക്ക് സമാശ്വാസ പദ്ധതിപ്രകാരം നൽകുന്ന തുകയിൽ വർദ്ധനവ് വരുത്തുന്നതാണ്. ഉൾനാടൻ ജലാശയ ങ്ങളിൽ മത്സ്യക്കൃഷി പ്രോത്സാഹിപ്പിച്ച് മത്സ്യ സമൃദ്ധി പദ്ധതിയുടെ ഫീൽഡ് സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതി മലബാർ മേഖല യിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. തീരദേശ വികസന കോർപ്പറേഷന്റെ ഒരു മേഖലാ ഓഫീസ് കൊച്ചിയിൽ പ്രവർത്തനം ആരംഭിക്കുകയും കോഴിക്കോട്ട് അടുത്ത മാസം ആരംഭിക്കുന്നതുമാണ്. മത്സ്യത്തൊഴിലാളി കൾക്ക് സിവിൽസപ്ലൈസ് കോർപ്പറേഷൻവഴി നൽകുന്ന മണ്ണെണ്ണ വിഹിതത്തിൽ കുറവ് വരുത്തിയിട്ടില്ലെന്നും നവംബർ–ഡിസംബർ മാസങ്ങ ളിലായി ജോയിന്റ് വെരിഫിക്കേഷൻ നടത്തി മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കേണ്ട മണ്ണെണ്ണ വിഹിതം തിട്ടപ്പെടുത്തി കേന്ദ്രസർക്കാരിൽ സമർപ്പിക്കു ന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. മത്സ്യത്തൊഴിലാളികൾക്കുവേണ്ടി കേന്ദ്രത്തിൽ നിന്നും പ്രത്യേക മണ്ണെണ്ണ

വിഹിതം ലഭിക്കുന്നില്ലെന്നും മൊത്തവിഹിതത്തിൽ കുറവ് വരുത്തിയതിന്റെ ഭാഗമായി മണ്ണെണ്ണ ക്ഷാമം നിലവിലുണ്ടെന്നും പ്രത്യേക ക്വാട്ട അനുവദിച്ചുകിട്ടുന്നതിന് ശ്രമിക്കുന്നതാണെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി വ്യക്തമാക്കി.

67 (*602) <u>കള്ളുചെത്ത് തൊഴിലാളികളുടെ പ്രക്ഷോഭം</u>

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കള്ളുഷാപ്പുകൾക്ക് ലൈസൻസ് നൽകുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകരുതെന്നും ലൈസൻസിംഗ് മാറ്റി ലേലം പുന:സ്ഥാപിക്കണമെന്നും പൂട്ടിക്കിടക്കുന്ന കള്ളുഷാപ്പുകൾ 500 രൂപയ്ക്ക് തൊഴിലാളി സമിതിയെ ഏൽപ്പിക്കണമെന്നും തൊഴിൽ സംരക്ഷണവും വേതനവർദ്ധനവും നടപ്പിലാക്കണമെന്നും ആവശ്യപ്പെട്ട് കള്ളുചെത്ത് തൊഴിലാളികൾ പ്രക്ഷോഭത്തിലേർപ്പെട്ടിരിക്കുകയാണെന്നും സമരസമിതി സംഘടനാ നേതാക്കളുമായി നാളെ ചർച്ച നടത്തുന്നതാണെന്നും സഭയെ അറിയിച്ചു. കള്ളുഷാപ്പുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പുന:സ്ഥാപിച്ചു നൽകുക എന്നതാണ് സർക്കാരിന്റെ നയം. നിലവിലുള്ള കള്ളുഷാപ്പുകൾക്ക് ലൈസൻസിന്റെ ആവശ്യമില്ല. കള്ള് ഷാപ്പുകളുടെ ലൈസൻസ് വർഷംതോറും പുതുക്കേണ്ടിവരുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. ചെത്തുതൊഴിലാളികളുടെ അപര്യാപ്തതയും കള്ളിന്റെ ലഭ്യതക്കുറവും കള്ളുവ്യവസായത്തെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. കള്ളുഷാപ്പുകൾക്കെതിരെ ബഹുജനപ്രക്ഷോഭവും വ്യാജകള്ള് വില്പനയ്ക്കെതിരെ എൻഫോഴ്സ്മെന്റ് പ്രവർത്തനവും നടക്കുന്നതിനാൽ കള്ളുഷാപ്പുകൾ

ഏറ്റെടുക്കാൻ ആളില്ലാതെയും വില്പന നടത്തിയവ തുറന്നു പ്രവർത്തിപ്പിക്കാൻ കഴിയാതെയും വന്നതുകൊണ്ട് ഈ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. വിദേശമദ്യത്തിന്റെ വ്യാപനം തടഞ്ഞുകൊണ്ട് പരമ്പരാഗത കള്ളുചെത്ത് വ്യവസായത്തെ സംരക്ഷിക്കുകയാണ് സർക്കാരിന്റെ നയം. അതിന്റെ ഭാഗമായി ബാർ ഹോട്ടലുകൾക്ക് ലൈസൻസ് നൽകുന്നതിൽ നിയന്ത്രണങ്ങളേർപ്പെടുത്തുകയും അവയുടെ പ്രവർത്തന സമയത്തിൽ കുറവ് വരുത്തുകയും ദൂരപരിധി വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്. കള്ളുഷാപ്പുകളിലൂടെ വിതരണം ചെയ്യുന്ന കള്ളിന്റെ ശുദ്ധത ഉറപ്പുവരുത്തുന്നതിന് നടപടിയെടുത്തിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റതിനുശേഷം കള്ളുഷാപ്പുകൾ അടച്ചുപൂട്ടിയിട്ടില്ലെന്നും കള്ളുചെത്ത് തൊഴിലാളി സംഘടനകൾ സഹകരിക്കുകയാണെങ്കിൽ 'നീര' ഉല്പാദിപ്പിക്കുന്നതിന് ലൈസൻസ് നൽകുന്നതാണെന്നും മദ്യവർജ്ജനം ഘട്ടംഘട്ടമായി നടപ്പാക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**68 (*603)** <u>റ്റി. ബി.ജി.ആർ.ഐ.-യുടെ ഗവേഷണങ്ങൾ</u>

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) നൽകിയ മറുപടിയിൽ, ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന ഗവേഷണ പ്രവർത്തനങ്ങളുടെ ഫലമായി സസ്യസമ്പത്തിന്റെ സമഗ്ര സംരക്ഷണവും സുസ്ഥിര ഉപയോഗവും സാദ്ധ്യമാകുന്നുണ്ടെന്നും ഹൈപ്പറിസിൻ ഔഷധത്തിന്റെയും മുള വിത്തുകളുടെയും ഉല്പാദന സാങ്കേതികവിദ്യ, പ്ളംബാജിൻ ഔഷധത്തിന്റെ ടിഷ്യൂ കൾച്ചർ നിർമ്മാണവിദ്യ, ഭക്ഷ്യയോഗ്യമായ കൂണുകളിൽ നിന്നും സൂപ്പ് നിർമ്മിക്കുന്ന സാങ്കേതിക വിദ്യ, ആരോഗ്യപച്ചയിൽ നിന്നും ക്യാൻസറിന് പ്രതിവിധിയായ ആയൂർവേദ

ഔഷധക്കൂട്ടിന്റെ നിർമ്മാണവിദ്യ എന്നിവയുടെ പേറ്റന്റുകൾ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സംസ്ഥാന വനം/ടൂറിസം/പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ, പശ്ചിമഘട്ട സെൽ, കെ.എസ്.ഐ.ഡി.സി., ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, കുടുംബശ്രീ, കേന്ദ്ര വനം–പരിസ്ഥിതി/ബയോടെക്നോളജി/ ശാസ്ത്ര–സാങ്കേതിക വകുപ്പുകൾ, നബാർഡ്, ബാബാ അറ്റോമിക് റിസർച്ച് സെന്റർ, സി.എസ്.ഐ.ആർ.,ഇൻഡ്യൻ കൗൺസിൽ ഫോർ മെഡിസിനൽ റിസർച്ച്, ആയുഷ് ഗവൺമെന്റ് ഓഫ് ഇൻഡ്യ, യു.ജി.സി. എന്നീ ഏജൻസികൾ റ്റി.ബി.ജി.ആർ.ഐ. നടത്തുന്ന ഗവേഷണ പ്രവർത്തനങ്ങളുമായി സഹകരിക്കുന്നുണ്ട്. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന സസ്യങ്ങളുടെ തൈകൾ ഉല്പാദിപ്പിച്ച് ആവശ്യാനുസരണം വനംവകുപ്പിനും മറ്റ് ഏജൻസികൾക്കും നൽകുന്നതോടൊപ്പം അവ വളർത്തിയെടുക്കുന്നതിനുള്ള പരിശീലനവും നൽകുന്നുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി 604 മുതൽ 630 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 6271 മുതൽ 6544 വരെയുള്ള ചോദ്യങ്ങളിൽ 134 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)